**വിവരാവകാശം / മറുപടി**

നമ്പർ: E2-2491/18.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 01.03.2018

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

വികാസ്. എസ്
ചിത്ര കാർത്തിക, കിഴക്കേനട
വൈക്കം, കോട്ടയം.

സർ,

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 1. സർക്കാർ കത്ത് നം.2208332/A2/2018/സാ.നീ.വ തീയതി:8.2.18.
2. താങ്കളുടെ 27.01.18-ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

വിവരാവകാശ നിയമമനുസരിച്ച് സൂചന (2) പ്രകാരം താങ്കൾ സർക്കാരിനോട് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി താങ്കളുടെ അപേക്ഷ സൂചന (1)ലെ കത്തിനോടൊപ്പം ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്.

1. വകുപ്പിന് കീഴിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 2015 ജൂലൈ മുതൽ 2017 ഡിസംബർ വരെ റിട്ടയർ ചെയ്തിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. അതിനാൽ മറുപടി നൽകുന്നതിന് നിർവ്വാഹമില്ലായെന്നറിയിക്കുന്നു. താങ്കൾക്ക് ആവശ്യമെങ്കിൽ തസ്തിക തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള തൻപതിവേട് രജിസ്റ്റർ പരിശോധിച്ച് വിവരം ശേഖരിക്കാവുന്നതാണ്.
2. വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്നറിയിക്കുന്നു.
3. 2015 ജൂലൈ മുതൽ 2017 ഡിസംബർ വരെ കോട്ടയം ജില്ലയിൽ ക്ലർക്ക് തസ്തികകളിൽ NJD ഉൾപ്പെടെ 6 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ടി കാലയളവിൽ കോട്ടയം ജില്ലയിൽ 6 പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.
4. കോട്ടയം ജില്ലയിൽ ക്ലർക്ക് തസ്തിക പൂർണ്ണമായും നികത്തപ്പെട്ടിട്ടുണ്ട്. ആയതിനാൽ നിലവിൽ റിപ്പോർട്ട് ചെയ്യുവാൻ ഒഴിവുകൾ അവശേഷിക്കുന്നില്ല.
5. റിപ്പോർട്ട് ചെയ്യുന്നതിന് നിലവിൽ ഒഴിവുകളില്ല.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ ശ്രീമതി. കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

1/3/18

എസ്. രാജീവ്കുമാർ
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18